I/223508/2022

ഭരണഭാഷ മാതൃഭാഷ
വ്യാവസായിക പരിശീലന വകുപ്പ്
(കേരള സംസ്ഥാനം)

തൊഴിൽ ഭവൻ
തിരുവനന്തപുരം.33

നം.DT/2657/2022-A5

തീയതി :26-09-2022

## <u>സർക്കുലർ</u>

വിഷയം: വ്യാവസായിക പരിശീലന വകുപ്പ്-ട്രെയിനിംഗ് ഡയറക്ടറേറ്റ്- –ഫയലുകൾ തീർപ്പാക്കൽ- - സംബന്ധിച്ച്.

സൂചന:- ഡി.റ്റി/2657/2022-എ5 (1) നമ്പരായ 09.06.2022 തീയതിയിലെ ഉത്തരവ്.

**************

സൂചന പ്രകാരം ഫയൽ അദാലത്തുമായി ബന്ധപ്പെട്ട് മാർഗനിർദ്ദേശങ്ങൾ നൽകിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഫയൽ തീർപ്പാക്കൽ യത്നം സമയബന്ധിതമായി നടപ്പാക്കുന്നതിന് വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിൽ നിന്നും എല്ലാ രണ്ട് ആഴ്ച കൂടുമ്പോഴും റിപ്പോർട്ട് നൽകുവാൻ സൂചന പ്രകാരം എല്ലാസ്ഥാപന മേധാവികൾക്കും നിർദേശം നൽകിയിരുന്നു ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഫയൽ തീർപ്പാക്കൽ പുരോഗതി റിപ്പോർട്ട് പരിശോധിച്ചതിൽ നിന്നും പത്ത് ശതമാനത്തിൽ താഴെ അഞ്ച് സ്ഥാപനങ്ങളും ഇരുപതു ശതമാനത്തിൽ താഴെ പതിനൊന്നു സ്ഥപനങ്ങളും ഉണ്ട് ഫയൽ തീർപ്പാക്കൽ യത്നത്തിന്റെ അന്തിമഘട്ടമായതിനാൽ ഫയൽ തീർപ്പാക്കലിന് പ്രത്യേക ശ്രദ്ധ നൽകി തീർപ്പാക്കിയ ഫയലുകളുടെ ശതമാന കണക്ക് ഉയർത്തേണ്ടതുണ്ട്.

വകുപ്പിന് കീഴിലെ ഫയൽ തീർപ്പാക്കൽ ശതമാനം കുറയുന്നപക്ഷം സർക്കാരിൽ ആയതിന് കാരണം അറിയിക്കേണ്ടതുണ്ട്. ആയതിനാൽ ഫയൽ തീർപ്പാക്കാൽ നടപടി ത്വരിതപെടുത്തെണ്ടതാണ്. കൂടാതെ എല്ലാ സ്ഥാപനങ്ങളും പരമാവധി ഫയലുകൾ തീർപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുവാൻ താൽപ്പര്യപ്പെടുന്നു. സെപ്റ്റംബർ 30 ന ശേഷം വ്യക്തമായ കാരണങ്ങൾ ഇല്ലാതെ ഫയൽ തീർപ്പാകാതെ ഇരിക്കുന്നത് ഗുരുതരമായി കണക്കാക്കുന്നതും അച്ചടക്ക നടപടി ക്ഷണിച്ച് വരുത്തുന്നതുമായിരിക്കും എന്ന് കൂടി അറിയിക്കുന്നു.

സ്വീകർത്താവ്:- എല്ലാ മേഖല - ജോ.ഡയറക്ടർമാരും
എല്ലാ സ്ഥാപന മേധാവികളും
(വകുപ്പ് വെബ്സൈറ്റ് മുഖേന)

HAZEENA. P.S
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
ട്രെയിനിംഗ് ഡയറക്ടർക്കുവേണ്ടി